(ഡി) ഉണ്ടെങ്കിൽ നിരക്കുകളിൽ വരുത്തിയ വർദ്ധനയുടെ വിശദവിവരം നൽകാമോ ;

(ഇ) നിരക്ക് വർദ്ധന പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിന്മേൽ തീരുമാനമായിട്ടുണ്ടോ ?

ഉത്തരം

(എ) 2000 ആണ്ടിലെ പ്രോസ്പെക്ടസ് പ്രകാരം 10,000 അമേരിക്കൻ ഡോളർ.

(ബി) 5000 അമേരിക്കൻ ഡോളർ.

(സി) ഉണ്ട്.

(ഡി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശിക്കപ്പെടുന്ന എല്ലാ കുട്ടികളും 1,25,000 രൂപ വാർഷിക ട്യൂഷൻഫീസ് നൽകണമെന്നും എൻ.ആർ.ഐ. വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ ട്യൂഷൻഫീസിനുപുറമെ തിരിച്ച് നൽകാത്ത തുകയായി വികസന ഫണ്ടിലേയ്ക്ക് 5000 അമേരിക്കൻ ഡോളർ നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ 1996-97-ൽ ട്യൂഷൻഫീസ് 35,000 രൂപയായി വർദ്ധിപ്പിച്ചു. 8-7-99 ലെ സർക്കാർ ഉത്തരവ് എം.എസ് നം. 74/99 പ്രകാരം ട്യൂഷൻഫീസ് 25,000 രൂപയായി കുറച്ചു. എന്നാൽ എൻ.ആർ.ഐ. വിഭാഗം വിദ്യാർത്ഥികൾ നൽകേണ്ട വികസനഫണ്ടായ 5000 അമേരിക്കൻ ഡോളർ 2000-മാണ്ടിലെ പ്രോസ്പെക്ടസ് പ്രകാരം 10,000 അമേരിക്കൻ ഡോളറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) പരിശോധിച്ചുവരുന്നു.

ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ നിയമനം നടത്തുവാൻ നടപടി

64(485) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ നിയമനം നടത്തുന്നതിന് ഈ വർഷം അപേക്ഷ ക്ഷണിച്ചിരുന്നുവോ ;

(ബി) എങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര ഒഴിവുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത് ;

(സി) ഓരോ തസ്തികയിലേയ്ക്കുള്ള അപേക്ഷ ഫാറത്തിന്റെ വില എത്രയായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്ര അപേക്ഷകൾ ഇപ്രകാരം ലഭിച്ചു ; അപേക്ഷ ഫീസിനത്തിൽ എന്തു തുക ലഭിച്ചു ;

(ഇ) ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ അപേക്ഷാ ഫാറത്തിനു വർദ്ധിപ്പിച്ച വില ഈടാക്കിയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ വേക്കൻസികൾ സംവരണം ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സമുദായത്തിനു ഓരോ തസ്തികയിലുള്ള എത്ര സീറ്റുകൾ വീതം സംവരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ജി) അപേക്ഷ ക്ഷണിച്ച തസ്തികകളിൽ ഇപ്പോൾ എത്ര പേർ താൽക്കാലികമായി ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) ഏതൊക്കെ തസ്തികകളിലേയ്ക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളതെന്നും ഓരോന്നിലെ ഒഴിവുകളുടെ എണ്ണവും താഴെ ചേർക്കുന്നു.

1.	അസിസ്റ്റന്റ് ഡയറക്ടർ (ഫൈനാൻസ്)	1
2.	പബ്ലിക്കേഷൻ ഓഫീസർ	1
3.	വെൽഫെയർ സൂപ്പർവൈസർ	1
4.	ഡി.ടി.പി. ഓപ്പറേറ്റർ	20
5.	അക്കൗണ്ട്സ് അസിസ്റ്റന്റ്	8
6.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	1
7.	സെക്യൂരിറ്റി ഓഫീസർ ഗ്രേഡ് 1	1
8.	എൽ.ഡി. ടൈപ്പിസ്റ്റ്	5
9.	ബയന്റർ	15
10.	സെയിൽസ് അസിസ്റ്റന്റ്	2
11.	ഡ്രൈവർ	2
12.	ഹെൽപ്പർ	75
13.	സ്ക്രീൻ പ്രിന്റർ	2
14.	ഗാർഡനർ	1
15.	ട്രെയിനിംഗ് ഓഫീസർ	2
16.	പ്രൊഡക്ഷൻ പ്ലാനിംഗ് അസിസ്റ്റന്റ്	4

LIBRARY ARCHIVES Kerala Legislative Assembly

17.	ഇൻസ്ട്രക്ടർ കം ഓപ്പറേറ്റർ	8
18.	ഹാർഡ് വെയർ ടെക്നീഷ്യൻ	2
19.	എൽ. ഡി. ക്ലാർക്ക്	10
20.	ഓഫ് സെറ്റ് പ്രിന്റർ കം പ്ലേറ്റ് മേക്കർ	2
21.	ലാബ് അസിസ്റ്റന്റ് കം ഇലക്ട്രീഷൻ	3
22.	റിപ്രോഗ്രാഫിക് അസിസ്റ്റന്റ്	3
23.	ട്രേഡ് ഇൻസ്ട്രക്ടർ	3
24.	ഓഫീസ് അസിസ്റ്റന്റ്	5
25.	സെക്യൂരിറ്റി ഗാർഡ്	4
26.	ക്ലീനർ	2
27.	ഹാർട്ടെം സ്വീപ്പർ	3

(സി) ഓരോ തസ്തികയിലേയ്ക്കും നിശ്ചയിച്ചിട്ടുള്ള അപേക്ഷാ ഫാറത്തിലെ വില താഴെ കൊടുക്കുന്നു.

		വില
1.	അസിസ്റ്റന്റ് ഡയറക്ടർ (ഫൈനാൻസ്)	250 രൂപ
2.	പബ്ലിക്കേഷൻ ഓഫീസർ	250 രൂപ
3.	ട്രെയിനിംഗ് ഓഫീസർ	250 രൂപ
4.	ഡി.ടി.പി. ഓപ്പറേറ്റർ	150 രൂപ
5.	വെൽഫെയർ സൂപ്പർവൈസർ	150 രൂപ
6.	അക്കൗണ്ട്സ് അസിസ്റ്റന്റ്	150 രൂപ
7.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	150 രൂപ
8.	പ്രൊഡക്ഷൻ പ്ലാനിംഗ് അസിസ്റ്റന്റ്	150 രൂപ
9.	ഇൻസ്ട്രക്ടർ കം ഓപ്പറേറ്റർ	150 രൂപ
10.	ഹാർഡ്വെയർ ടെക്നീഷൻ	150 രൂപ
11.	സെക്യൂരിറ്റി ഓഫീസർ ഗ്രേഡ് 1	100 രൂപ
12.	എൽ.ഡി. ടൈപ്പിസ്റ്റ്	100 രൂപ
13.	ബയന്റർ	100 രൂപ

LIBRARY ARCHIVES Kerala Legislative Assembly

14.	സെയിൽസ് അസിസ്റ്റന്റ്	100 രൂപ
15.	ഡ്രൈവർ	100 രൂപ
16.	ഹെൽപ്പർ	100 രൂപ
17.	സ്ക്രീൻ പ്രിന്റർ	100 രൂപ
18.	ഗാർഡനർ	100 രൂപ
19.	എൽ. ഡി. ക്ലർക്ക്	100 രൂപ
20.	ഓഫ് സെറ്റ് പ്രിന്റർ കം പ്ലേറ്റ് മേക്കർ	100 രൂപ
21.	ലാബ് അസിസ്റ്റന്റ് കം ഇലക്ട്രീഷ്യൻ	100 രൂപ
22.	റിപ്രോഗ്രാഫിക് അസിസ്റ്റന്റ്	100 രൂപ
23.	ട്രേഡ് ഇൻസ്ട്രക്ടർ	100 രൂപ
24.	ഓഫീസ് അസിസ്റ്റന്റ്	100 രൂപ
25.	സെക്യൂരിറ്റി ഗാർഡ്	100 രൂപ
26.	ക്ലീനർ	100 രൂപ
27.	പാർട്ട് ടൈം സ്വീപ്പർ	100 രൂപ

ഇരുപത്തി ഏഴു തസ്തികകളിലേയ്ക്കായി മൊത്തം 16276 അപേക്ഷകൾ ലഭിച്ച അപേക്ഷാഫീസിനത്തിൽ 20,99,130 രൂപ ലഭിക്കുകയുണ്ടായി.

(ഇ) മലയാളമനോരമ, കേരളകൗമുദി, മാതൃഭൂമി, ദേശാഭിമാനി, ഇന്ത്യൻ എക്സ്പ്രസ്സ് (ഇംഗ്ലീഷ്) എന്നീ അഞ്ചു ദിനപത്രങ്ങളിൽ (എല്ലാ എഡിഷനുകളിലും) വിജ്ഞാപനം പരസ്യം ചെയ്യണമെന്നു തീരുമാനിച്ചിരുന്നു. പരസ്യകൂലി ഇനത്തിലുള്ള ചെലവ് എഴുത്തുപരീക്ഷ, പ്രായോഗിക പരീക്ഷ എന്നിവ സ്കൂളുകളിൽ വച്ചു നടത്തുന്നതിനുള്ള ചെലവ്, തപാൽ ചെലവ് മറ്റു ചെലവുകൾ എന്നിവ കണക്കിലെടുത്തതാണ് അപേക്ഷാഫാറത്തിന് വില ഈടാക്കിയത്.

(എഫ്) സാമുദായികാടിസ്ഥാനത്തിൽ സീറ്റുകൾ സംവരണം ചെയ്തിട്ടില്ല.

(ജി) അപേക്ഷ ക്ഷണിച്ച തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ 537 പേർ ജോലി ചെയ്യുന്നുണ്ട്.

റിപ്രോഗ്രാഫിക് സെന്ററുകളിലെ നിയമനം

65(486) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly